പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 239 15.07.2016-ൽ മറുപടിക്ക്.

ഇതരസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.നൗഷാദ്<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.വി.ജോയി<br>ശ്രീ.കെ.ദാസൻ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വിവിധ മേഖലകളിൽ തൊഴിലെടുക്കുകയും താമസിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ നിയന്ത്രണത്തിലോ നിരീക്ഷണത്തിലോ അല്ല എന്നത് പൊതുസമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്ന കാര്യവും ഇത് തൊഴിലാളികളുടെ ക്ഷേമത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) തൊഴിൽ വകുപ്പ് നടത്തുന്ന രജിസ്ട്രേഷൻ ഫലപ്രദമല്ലെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് മുഖേന നടത്തുന്ന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ 53,136 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ചുള്ള അംഗത്വ രജിസ്ട്രേഷൻ ഉണ്ടായിട്ടില്ല. തൊഴിലാളികൾ ഇടയ്ക്കിടെ ജോലിസ്ഥലം മാറുകയും ഇപ്രകാരം ജോലി സ്ഥലം മാറുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനും അംഗത്വം പുതുക്കുന്നതിനും പ്രായോഗികമായി കഴിയുന്നില്ല. വ്യക്തമായ തിരിച്ചറിയൽ രേഖകൾ ഇല്ലാത്തതും അംഗത്വ രജിസ്ട്രേഷൻ കുറയുന്നതിന് |

| | | |
|---|---|---|
| | | കാരണമാകുന്നുണ്ട്. കൂടാതെ തൊഴിലുടമകളുടെയും കരാറുകാരുടെയും തൊഴിലാളികളുടെയും ഇക്കാര്യത്തിലുള്ള താൽപര്യക്കുറവ് രജിസ്ട്രേഷന് പ്രതീക്ഷിച്ച പുരോഗതി ഉണ്ടാകാത്തതിനുള്ള കാരണമായിട്ടുണ്ട്. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതുമായി ബന്ധപ്പെട്ട്, കൊല്ലം ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഇത്തരത്തിൽ ഒരു വിലയിരുത്തൽ തൊഴിൽ വകുപ്പ് നടത്തിയിട്ടില്ല. |
| (ഡി) | ലേബർ വകുപ്പിന്റെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിൽ വ്യാപിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി രജിസ്ട്രേഷൻ നടത്തുകയും അതത് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പരിശോധനയ്ക്ക് പോലീസിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നതിനെക്കുറിച്ച് നിലപാട് അറിയിക്കുമോ? | (ഡി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിപാലനവും ലക്ഷ്യമിട്ട് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. കേരളത്തിൽ എത്തിച്ചേരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ എല്ലാ വകുപ്പുകളുമായും ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ